**പത്രക്കുറിപ്പ്** **11.10.2023**

**കനകക്കുന്നിലൊരുക്കിയ ഭൂമിയെ വിഴുങ്ങുന്ന പാമ്പ്; വിദ്യാർഥികളെ അഭിനന്ദിച്ച് മന്ത്രി രാജേഷ്**

**തിരുവനന്തപുരം:** ഇക്കഴിഞ്ഞ ടൂറിസം വാരാഘോഷത്തോടനുബന്ധിച്ച് ശുചിത്വ മിഷൻ കനകക്കുന്നിൽ ഒരുക്കിയ ഭൂമിയെ വിഴുങ്ങുന്ന പാമ്പെന്ന കലാരൂപത്തിന് പിന്നിൽ പ്രവർത്തിച്ച ഫൈൻ ആർട്സ് കോളേജ് വിദ്യാർത്ഥികളും പൂർവ വിദ്യാർത്ഥികളുമടങ്ങിയ സംഘത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി രാജേഷ് അഭിനന്ദിച്ചു.

പ്ലാസ്റ്റിക്ക് കൊണ്ട് നിർമ്മിച്ച കൂറ്റൻ സർപ്പം ഹരിതവർണമാർന്ന ഭൂമിയെ വിഴുങ്ങാൻ തുടങ്ങുന്ന പ്രതിഷ്ഠാപനം ഏറെ ജനശ്രദ്ധ ആകർഷിച്ചിരുന്നു. പ്ലാസ്റ്റിക്കിന്റെയും ദുരുപയോഗവും അലക്ഷ്യമായ വലിച്ചെറിയലും ഭൂമിയ്ക്ക് എത്രമാത്രം ആഘാതം ഉണ്ടാക്കുന്നെന്ന് പൊതുജനങ്ങളെ ബോധ്യപ്പെടുത്താൻ ഈ കലാരൂപത്തിലൂടെ സാധിച്ചിരുന്നു. ടൂറിസം വാരാഘോഷ സമയത്ത് കനകക്കുന്ന് സന്ദർശിച്ച ആയിരക്കണക്കിന് ആളുകളിലേക്ക് പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കണമെന്ന സന്ദേശം എത്തിക്കാനും കഴിഞ്ഞു.

കലാരൂപം തയ്യാറാക്കിയ സംഘത്തിലെ അംഗങ്ങളായ മിഥുൻ. ജെ, സുമേഷ് ബി .എസ്, ബാലസുന്ദരം .പി, ഹാഷിർ സി .പി, അരുൺ പി .വി, അശ്വതി .എസ്, ആര്യ എം .ആർ , ഈശ്വര .ഡി, മഹേഷ് ബി നായർ, അതുൽ കെ .പി, കൃതിക .എൻ, ജീനു എന്നിവരെയാണ് മന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ അനുമോദിച്ചത്.

മനോഹരമായ പ്രതിഷ്ഠാപനത്തിലൂടെ അർഥവത്തായ സന്ദേശം ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞെന്ന് മന്ത്രി പറഞ്ഞു. ചടങ്ങിൽ വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകളും മന്ത്രി വിതരണം ചെയ്തു.

തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ ഉപയോഗിച്ചുപേക്ഷിച്ച ഇരുപതിനായിരത്തോളം പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗിച്ച് നാലു ദിവസം കൊണ്ടായിരുന്നു പ്രതിഷ്ഠാപനം ഒരുക്കിയത്.

ചടങ്ങിൽ ശുചിത്വ മിഷനിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു.